പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.209 04.10.2016-ൽ മറുപടിയ്ക്ക്

## സ്പോർട്സ് ലോട്ടറി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്പോർട്സ് ലോട്ടറി ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത ലോട്ടറി ആരംഭിച്ച സമയത്ത് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ആരായിരുന്നു ; | (എ) | 2006-07 സാമ്പത്തിക വർഷമാണ് സ്പോർട്സ് ലോട്ടറി ആരംഭിച്ചത്. കേരള സംസ്ഥാനത്തെ കായികരംഗത്തിന്റെ സമഗ്രവികസനത്തിനായുള്ള വിഭവസമാഹരണത്തിനായാണ് 28.10.2006-ലെ ജി.ഒ.(എം.എസ്)117/06/നി.വ നമ്പർ ഉത്തരവ് പ്രകാരം സ്പോർട്സ് സൂപ്പർ ബമ്പർ ഭാഗ്യക്കുറി (K-1285) ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. പ്രസ്തുത ഭാഗ്യക്കുറിയുടെ ടിക്കറ്റ് വിൽപ്പന 17.11.2006-ന് ആരംഭിക്കുകയും നറുക്കെടുപ്പ് 10.02.2007-ന് നടത്തുകയുമുണ്ടായി. പ്രസ്തുത സമയം ശ്രീ.ടി.പി.ദാസൻ ആയിരുന്നു സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്. |
| (ബി) | സ്പോർട്സ് ലോട്ടറി നടത്തിപ്പിലും മറ്റും അഴിമതി നടന്നിട്ടുണ്ട് എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | സ്പോർട്സ് ബമ്പർ ഭാഗ്യക്കുറിയുടെ സമ്മാനഘടന ആവിഷ്ക്കരിച്ച് നറുക്കെടുപ്പ് നടത്തിയത് ഭാഗ്യക്കുറി വകുപ്പാണ്. ഇതിന്റെ നടത്തിപ്പിൽ അഴിമതി നടന്നതായുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ? | (സി) | സ്പോർട്സ് ലോട്ടറി സംബന്ധിച്ച് വിജിലൻസ് ക്യുക്ക് വെരിഫിക്കേഷൻ നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ